മാങ്ങയുടെ ഉൽപ്പാദനം

113 (7410) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാങ്ങയുടെ ഉൽപ്പാദനം വർഷത്തിൽ ശരാശരി എത്ര ടൺ വരുമെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ അഭ്യന്തര ആവശ്യം കഴിഞ്ഞ് എത്ര ടൺ വിദേശത്തേക്കും, അന്യസംസ്ഥാനങ്ങളിലേക്കും കയറ്റി അയയ്ക്കുന്നുണ്ട് ;

(സി) ഇതുമൂലം സംസ്ഥാനത്തേക്ക് എത്രകോടി രൂപയുടെ വരുമാനം ലഭ്യമാകുന്നുണ്ട് ;

(ഡി) മാങ്ങയ്ക്ക് മികച്ച വില ലഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2011-12-ലെ എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ കണക്ക് അനുസരിച്ച് കേരളത്തിലെ മാമ്പഴത്തിന്റെ ഉത്പാദനം 460424 ടൺ ആണ്.

(ബി&സി) കൃഷി വകുപ്പിൽ ഈ വിവരം ശേഖരിച്ചിട്ടില്ല.

(ഡി) ഉണ്ട്. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കേരളയുടെ ആഭിമുഖ്യത്തിൽ കഴിഞ്ഞ 5 വർഷക്കാലമായി ദേശീയ തേൻ മാമ്പഴോത്സവം തിരുവനന്തപുരത്ത് നടത്തിവരുന്നു. ഈ മേളയിൽ കേരളത്തിനകത്തും പുറത്തുമുള്ള മാമ്പഴ ഉത്പാദക സംഘങ്ങൾ അവർ ഉത്പാദിപ്പിക്കുന്ന മാമ്പഴം വിൽപ്പനയ്ക്കായി കൊണ്ടുവരുന്നു. ഇത് അവരുടെ ഉത്പന്നങ്ങൾക്ക് മികച്ച വില ലഭിക്കുവാൻ സഹായകമാകുന്നു.

ലോക വിപണിയിൽ മാമ്പഴം ഉൾപ്പെടെയുള്ള ഉൽപ്പന്നങ്ങൾക്ക് ആവശ്യക്കാർ ഏറെയുണ്ട്. ഇന്ത്യയിൽ നിന്നും ഇറക്കുമതി ചെയ്യുന്ന അൽഫോൺസ, മൽഗോവ ഉൾപ്പെടെയുള്ള മാങ്ങകൾക്ക് യൂറോപ്യൻ യൂണിയൻ 2014 മേയ് 1 മുതൽ വിലക്ക് ഏർപ്പെടുത്തുകയുണ്ടായി. ഇതിനു പരിഹാരമായി ഇന്ത്യയിൽ നിന്നും കയറ്റി അയയ്ക്കുന്ന പഴം പച്ചക്കറികൾ കീടരഹിതമാണെന്ന് ഉറപ്പുവരുത്തുകയും APEDA അംഗീകരിച്ച പാക്ക് ഹൗസുകൾവഴി മാത്രമേ ഈ കയറ്റുമതി അനുവദിക്കുകയുള്ളൂ. കൃഷി വകുപ്പിന് കീഴിലുള്ള മൂവാറ്റുപുഴയിലെ വാഴക്കുളം അഗ്രോ & ഫ്രൂട്ട് പ്രോസസിംഗ് കമ്പനിയുടെ ഫാക്ടറിക്ക് അടുത്തയിടെ ഇപ്രകാരമുള്ള അംഗീകാരം ലഭിച്ചിട്ടുണ്ട്. കേരളത്തിൽ APEDA അംഗീകരിച്ച ഏക പാക്ക് ഹൗസ് ആണിത്. ഈ നടപടി മുഖാന്തിരം പഴം, പച്ചക്കറികളുടെ കയറ്റുമതി വർദ്ധിക്കുകയാണെങ്കിൽ മാങ്ങയ്ക്ക് മികച്ച വില ലഭ്യമാകും.

LIBRARY ARCHIVES Kerala Legislative Assembly